


# രക്ഷകന്റെ ജനനത്തെപ്പറ്റിയുള്ള സദ്വാർത്ത

(ലൂക്കാ 1:26 – 38)

ബ്ര. ജോസഫ് കൊല്ലംപറമ്പിൽ MCBS

(Vol. 10, Issue 28)

**ആ**രാധനാക്രമ വത്സരത്തിൽ രക്ഷകന്റെ വരവിനായി കാത്തിരിക്കുന്നതിനെ അനുസ്മരിക്കുന്ന മംഗളവാർത്താക്കാലത്തിന്റെ രണ്ടാം ആഴ്ചയിലേയ്ക്ക് ഇന്ന് നാം പ്രവേശിക്കുകയാണ്. ആദത്തിന്റെ പാപം മൂലം അധഃപതിച്ച മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായി വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകന്റെ ജനനത്തിനായി നമ്മൾ ഏറ്റവും അടുത്ത് ഒരുങ്ങു ന്ന ഒരു കാലഘട്ടമാണിത്.

ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുക ഒരു മംഗളവാർത്തയാണ്. രക്ഷകന്റെ ജനനത്തെപ്പറ്റിയുള്ള സദ്വാർത്ത, ഗബ്രിയേൽ മാലാഖ പരിശുദ്ധ മറിയത്തെ അറിയിക്കുന്ന രംഗമാണ്. ആറ് മാസങ്ങൾക്കു മുമ്പ് ഇതേ മാലാഖ തന്നെ ഇതുപോലുള്ള ഒരു സദ്വാർത്തയുമായി സഖറിയ എന്ന പുരോഹിതനെ സമീപിക്കുന്നത് കഴിഞ്ഞയാഴ്ചയിൽ നാം വായിച്ചു ധ്യാനിച്ചതാണ്. ഇവ രണ്ടും തമ്മിൽ ചേർത്തുവായിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്ന ഒരു കാര്യം, സ്നാപകന്റെ ജനനത്തെപ്പറ്റിയുള്ള അറിവ് ലഭിക്കുന്നത് സ്നാപകന്റെ പിതാവായ സഖറിയ എന്ന വൃദ്ധപുരോഹിതനാണ്. വർഷങ്ങളായി മക്കളുണ്ടാവാൻ കാത്തിരുന്ന വ്യക്തിയാണ് സഖറിയ. എന്നാൽ, ഈശോയുടെ ജനനത്തെപ്പറ്റിയുള്ള സന്ദേശം ലഭിക്കുന്നത് കന്യകയായ ഒരു കൊച്ചുപെൺകുട്ടിക്കാണ്. വിവാഹനിശ്ചയം കഴിഞ്ഞ് വിവാഹസ്വപ്നങ്ങൾ നെയ്തു കൂട്ടിയിരുന്ന ഒരു യുവതി.

നമുക്ക് കാണുവാൻ സാധിക്കുന്ന മറ്റൊരു കാര്യം, വെളിപ്പെടുത്തൽ ലഭിക്കുന്ന സ്ഥലങ്ങളുടെ പ്രത്യേകതയാണ്. സഖറിയായ്ക്ക് വെളിപ്പെടുത്തൽ ലഭിക്കുന്നത് ജറുസലേം ദൈവാലയത്തിൽ ബലിപീഠത്തിനരികെ ധൂപം അർപ്പിച്ചുകൊണ്ടിരുന്ന വേളയിലാണ്. എന്നാൽ, മറിയത്തിന് സന്ദേശം ലഭിക്കുന്നത് ചരിത്രത്തിലൊന്നും അത്ര വലിയ പ്രാധാന്യം കൽപിക്കാത്ത ഒരു കുഗ്രാമത്തിലാണ് - ഗലീലിയിലെ നസറത്ത്.

ദൈവത്തിന്റെ തെരഞ്ഞെടുപ്പുകൾ ഒരിക്കലും മനുഷ്യൻ വിചാരിക്കുന്നതു പോലെയല്ല. അത് സമൂഹത്തിൽ അറിയപ്പെടുന്നവനോ, അറിയപ്പെടാത്തവനോ, മുതിർന്നവനോ, ചെറുപ്പക്കാരനോ, സ്ത്രീയോ, പുരുഷനോ, ധനികനോ, ദരിദ്രനോ എന്ന വ്യത്യാസം കാണിക്കാതെ തനിക്കിഷ്ടമുള്ളവരെ തന്റെ ശുശ്രൂഷ പൂർത്തിയാക്കാൻ ദൈവം തെരഞ്ഞെടുക്കുന്നു. ഇവിടെ തെരഞ്ഞെടുക്കപ്പെട്ടവർ ചെയ്യേണ്ടത് വചനത്തിൽ വായിച്ചുകേട്ടതുപോലെ, ദൈവഹിതത്തിന് നമ്മെത്തന്നെ വിട്ടുകൊടുക്കുക എന്നതാണ്. ഒന്നാം വായനയുടെ ആദ്യവും അവസാനവും ആവർത്തിക്കപ്പെടുന്ന ഒരു വാക്യമാണ് ''ഞാൻ കൽപിക്കുന്നതു മാത്രമേ ചെയ്യാവൂ. ഞാൻ നിന്നോട് പറയുന്ന വചനം മാത്രമേ നീ പറയാവൂ'' (സംഖ്യ 22:20, 35).

എളിമയോടും വിനയത്തോടെയുമുള്ള മറിയത്തിന്റെ സമ്മതത്തിലൂടെ അവളുടെ മാത്രമല്ല, ലോകം മുഴുവന്റെയും രക്ഷയ്ക്ക് വഴിയൊരുക്കുകയാണ് ചെയ്തത്. ഇതിൽ സഹനവും വേദനയും ദുഃഖവും പ്രതിസന്ധിയുമെല്ലാമു ണ്ടാകും. എന്നാൽ, ദൈവഹിതത്തിനെതിരായി പ്രവർത്തിക്കുമ്പോൾ ബാലാമിനും അവന്റെ കൂടെയുണ്ടായിരുന്നവർക്കും നേരിടേണ്ടിവന്ന അനുഭവം നാം വായിച്ചുകേട്ടതാണ്. അനുദിന ജീവിതത്തിൽ നമുക്കും

പല രീതിയിൽ ലഭിക്കുന്ന ദൈവീകവെളിപാടുകളെ സ്വീകരിക്കുകയും, അതിനനുസരിച്ച് ജീവിതത്തെ രൂപപ്പെടുത്തുകയും ചെയ്യുക പ്രധാനപ്പെട്ട കാര്യമാണ്. ഇതുതന്നെയാണ് ഇന്നത്തെ ലേഖനവും അടിവരയിട്ടു പറയുന്നത്. കൊളോസോസിലെ സഭയ്ക്കെഴു തിയ ലേഖനത്തിൽ പൗലോസ് ശ്ലീഹാ പറയുന്നു: ''കൃതജ്ഞതാഭരിതരായി ഉണർന്നിരുന്ന് നിരന്തരം പ്രാർത്ഥിക്കുവിൻ. ദൈവം വചനത്തിന്റെ കവാടം ഞങ്ങൾക്ക് തുറന്നുതരുവാനും ക്രിസ്തുവിന്റെ വചനം പ്രഖ്യാപിക്കാനും നിങ്ങൾ പ്രാർത്ഥിക്കുവിൻ.''

ദൂതന്റെ സദ്വാർത്തയോടുള്ള മറിയത്തിന്റെ പ്രതികരണം ഏറെ ശ്രദ്ധേയമാണ്. താൻ ആരെന്നും എന്തെന്നും ബോധ്യമുണ്ടായിരുന്ന മറിയം അത് ഏറ്റുപറയുന്നു: ''താൻ ഒരു കന്യകയാണ്; പുരുഷനെ അറിയുന്നില്ല'' എന്ന്. എളിമയോടെ തന്റെ കുറവിനെ ഏറ്റുപറയുന്ന കുറേ നല്ല മനുഷ്യരുടെ ചിത്രം നമുക്ക് വചനത്തിൽ കാണാൻ സാധിക്കും. ഞാൻ വൃദ്ധനാണ് എന്ന് ഏറ്റുപറയുന്ന അബ്രഹാത്തിനെയും, വിക്കനാണ് എന്ന് ഏറ്റുപറയുന്ന മോശയെയും, ശിശുവാണ് എന്ന് ഏറ്റുപറയുന്ന ജറെമിയാ പ്രവാചകനെയും...

വചനഭാഗം മറിയത്തെ വിശേഷിപ്പിക്കുക ''ദൈവകൃ പ നിറഞ്ഞവളേ'' എന്നാണ്. അതിനുള്ള കാരണവും വിവരിക്കുന്നുണ്ട്. ''നീ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു'' എന്ന് വചനം വ്യക്തമാക്കുന്നു. ദൈവകൃപ എല്ലാവരിലുമുണ്ട്. എന്നാൽ ആ കൃപ കണ്ടെത്തുന്നവരും അതിനോട് സഹകരിക്കുന്നവരും ചുരുക്കമാണ്. മറിയത്തിന്റെ മഹത്വം അവൾ ദൈവസന്നിധിയിൽ കൃപ കണ്ടെത്തി എന്നതാണ്. ആധുനിക ലോകത്തിൽ മനുഷ്യർ സൗഭാഗ്യം കണ്ടെത്തുന്ന വഴികൾ വിഭിന്നങ്ങളാണ്. വിദേശജോലി, മനോഹരമായ പാർപ്പിടങ്ങൾ, സ്ഥാനമാനങ്ങൾ, സാമ്പത്തികസ്ഥിതി എന്നിവയിൽ സൗഭാഗ്യങ്ങൾ കണ്ടെത്തുന്ന മനുഷ്യർ ഇന്ന് അനേകമുണ്ട്. ദെവസന്നിധിയിൽ കൃപ കണ്ടെത്തുന്നവരാണ് വിജയം നേടുന്നത്. ഇന്നത്തെ വചനഭാഗത്ത് മറിയവും തന്റെ കുറവിനെ ഏറ്റുപറയുമ്പോഴാണ് അവളിൽ പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടാവുകയും ദൈവകൃപ അവളിൽ നിറയുകയും ചെയ്യുന്നത്. അതിനാൽ പരിശുദ്ധ മറിയം നമുക്ക് നൽകുന്ന സന്ദേശം, താൻ ആരാണെന്ന ബോധ്യം ഒരുവനുണ്ടായിരിക്കണം എന്നുള്ളതാണ്. അതിനെ മറച്ചുപിടിക്കാതെ എളിമയോടെ കർത്താവിന്റെ മുമ്പിൽ ഏറ്റുപറയുക എന്നതാണ്. അപ്പോൾ നമുക്കും ദൈവകൃപ നിറഞ്ഞ വ്യക്തികളായിത്തീരാൻ സാധിക്കും.

വചനത്തിന്റെ അവസാനഭാഗത്തേയ്ക്ക് കടന്നുവരുമ്പോൾ സഖറിയായ്ക്കും, എലിസബത്തിനും ലഭിച്ച കൃപ മറയത്തിന് അടയാളമായി നൽകുന്ന ദൂതനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. തുടർന്നുവരുന്ന വചനഭാഗത്ത് വരുന്ന മറിയത്തിന്റെ പ്രതികരണം നമുക്ക് അനുകരണാർഹമാണ് - അവൾ തിടുക്കത്തിൽ യൂദയായിലെ മലമ്പ്രദേശത്തുള്ള പട്ടണത്തിലേയ്ക്ക് പോവുകയും എലിസബത്തിനെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. മറ്റുള്ളവർക്ക് ലഭിക്കുന്ന സൗഭാഗ്യത്തിൽ അസൂയപ്പെടാതെ അവരുടെ സന്തോഷത്തിൽ പങ്കുചേരുകയും, സാധിക്കുന്ന വിധത്തിൽ സഹായിക്കാനും മറിയം നമുക്ക് പറഞ്ഞുതരുന്നു. എനിക്ക് എന്തു കിട്ടി എന്നതിലുപരി എനിക്ക് എന്തു നൽകാൻ കഴിയും എന്നു ചിന്തിക്കാൻ മറിയം നമ്മെ പഠിപ്പിക്കുന്നു. നിസ്വാർത്ഥ സ്നേഹത്തോടെ മറ്റുള്ളവരെ ശുശ്രൂഷിക്കാൻ നമുക്ക് കടമയുണ്ട്.

ജപമാലയിൽ സന്തോഷത്തിന്റെ രഹസ്യത്തിൽ നമ്മൾ അനുസ്മരിക്കുന്ന, ഇന്ന വായിച്ചുകേട്ട ഈ ദൈവീകരഹസ്യം 2000 വർഷങ്ങൾക്കു മുമ്പ് സംഭവിച്ചു കഴിഞ്ഞതും അവസാനിച്ചു കഴിഞ്ഞതുമായ ഒരു സംഭവമല്ല. മറിച്ച്, ഇന്നും സംഭവിക്കുന്ന ഒരു രഹസ്യമാണ്. മാതാവിൽ ശാരീരികമായി നടന്നത് ഇന്ന് നമ്മിൽ ആന്തരീകമായി സംഭവിക്കണം. ഇതിന് നമ്മൾ ചെയ്യേണ്ടത് മാതാവ് സമ്മതം നൽകിയതുപോലെ ദൈവീകപദ്ധതിക്ക് സമ്മതം നൽകുക എന്നതാണ്. എളിമയോടെ ദൈവീകപദ്ധതികളോട് സഹകരിക്കുകയും, കുറവുകളെ എളിമയോടെ തിരിച്ചറിയുകയും അംഗീകരിക്കുകയും ദൈവസമക്ഷം ഏറ്റുപറയുകയും ചെയ്യണം. മറ്റുള്ളവരുടെ സന്തോഷങ്ങളിൽ അസൂയപ്പെടാതെ പങ്കുചേരുകയും, നിസ്വാർത്ഥമായി മറ്റുള്ളവർക്ക് ചെയ്യാൻ കഴിയുന്ന നന്മകളിലൂടെ ദൈവകൃപ നമ്മിൽ വളർത്തുകയും ചെയ്യുക എന്നതാണ് മംഗളവാർത്ത രണ്ടാം ഞായറാഴ്ച ദൈവം നമുക്ക് തരുന്ന സന്ദേശം.